## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4290. 25.06.2018 ൽ മറുപടിയ്ക്ക്

## ലഹരിക്കെതിരായ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ എക്സൈസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ വിമുക്തി മിഷൻ ശ്രദ്ധിച്ചുവരുന്നു. നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടു കൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തി വരുന്നു. |
| (ബി) | ഇതിനായി ജനകീയ പങ്കാളിത്തം എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയം ഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി- യുവജന- മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്ര മേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുകയാണ് വിമുക്തി മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | ലഹരി മാഫിയയെക്കുറിച്ച് വകുപ്പിനെ അറിയിക്കാൻ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിക്കുകയും ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചു കൊണ്ട് അവരുടെ ഇടയിൽ തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെ കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**